# FRIDAY SERMON /വെള്ളിയാഴ്ച ഖുത്തുബ
## HAZRAT MUHYI-UD-DIN AL-KHALIFATULLAH
## MUNIR AHMAD AZIM
## 09 NOVEMBER 2018
## 01 RABI'UL AWWAL 1440 AH

## "WE ARE NOTHING WITHOUT ALLAH".
## അല്ലാഹ് ഇല്ലാതെ നാമൊന്നുമല്ല

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **അല്ലാഹ് ഇല്ലാതെ നാമൊന്നുമല്ല** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

പ്രിയപ്പെട്ട ഇസ്ലാമിക വിശ്വാസ സഹോദരീസഹോദരന്മാരെ, പ്രിയ അനുചരന്മാരെ! നിങ്ങളുടെയോ എന്റെയോ നിലനില്പ് ഉണ്ടായത്, നമ്മുടെ തീരുമാനംകൊണ്ടല്ല. ഈ വിശാലമായ പ്രപഞ്ചത്തിന്റെയും, ഇതിൽ ഉൾക്കൊണ്ടിട്ടുള്ള എല്ലാ ജീവജാലങ്ങളുടെയും, ഉത്ഭവത്തിന് കാരണമായിട്ടുള്ളത്, ഒരേ ഒരു സൃഷ്ടാവിന്റെ പ്രവർത്തനഫലമായിട്ടാണ്. ഓരോ ജീവിക്കും അതിന്റെ സൃഷ്ടിപ്പിനും പ്രത്യേകമായ നിയമങ്ങളും ചട്ടങ്ങളുമുണ്ട്. സമാനതകളില്ലാത്ത സൃഷ്ടാവാകുന്നു അല്ലാഹു.

ആദ്യത്തിൽ, സൃഷ്ടാവിനെ ഒഴിച്ചു നിർത്തിയാൽ, ഒരു സൃഷ്ടിയും ഉണ്ടായിരുന്നില്ല. അപ്പോൾ അല്ലാഹു(ത) ജീവികളെ സൃഷ്ടിക്കുവാൻ തീരുമാനിച്ചു. അങ്ങനെ മാലാഖമാരേയും, ജിന്നുകളെയും, മനുഷ്യരെയും സൃഷ്ടിച്ചു. ഈ ജീവികളിൽ കൂടുതൽ കൃത്യമായി പറഞ്ഞാൽ ജിന്നും മനുഷ്യരും, അവരുടെ ജീവിതത്തിൽ ചിലർ നന്മകൾ ചെയ്യുന്നു. മറ്റു ചിലരാകട്ടെ തിന്മകൾ ചെയ്യുന്നു. അല്ലാഹു(ത) പറയുന്നു. പകലിനെകൊണ്ടു സത്യം അത് പ്രകാശിതമാവുമ്പോൾ, ആണിന്റെയും പെണ്ണിന്റെയും സൃഷ്ടിപ്പിനെ കൊണ്ടു സത്യം നിശ്ചയമായും നിങ്ങളുടെ പ്രയത്നങ്ങൾ വിഭിന്നങ്ങളാണ് (92:3-5)

അങ്ങനെ, ഭൂമിയിലെ നിലനില്പിനുവേണ്ടി, രാവും പകലും, പുരുഷനും സ്ത്രീയും വിവിധങ്ങളായ പ്രവർത്തനങ്ങളിലേർപ്പെടുന്നു എന്നത് വളരെ വ്യക്തമാണ്. വിധിനാളിൽ അവരുടെ പ്രവർത്തനങ്ങളുടെ അനന്തരഫലങ്ങൾ അവർ

അഭിമുഖീകരിക്കേണ്ടി വരുന്നതുമാണ്. എന്നാൽ, ആരുടെ സൽക്കർമ്മങ്ങളുടെ തട്ട് ലഘുവാകുന്നുവോ, അവന്റെ സങ്കേതം ഹാവിയ ആയിരിക്കും. അതെന്താണെന്ന് നിനക്കെന്തറിയാം? (അത്)എരിയുന്ന തീയാകുന്നു(101 :9-12)

പുരുഷനും, സ്ത്രീയും, ചുരുക്കത്തിൽ മാനവകുലം മുഴുവൻ, തങ്ങളുടെ സൃഷ്ടാവിനോടുള്ള ഉത്തരവാദിത്വം നിറവേറ്റണ്ടതാണ്. പ്രധാന ഉത്തരവാദിത്വം അവനെ മാത്രം ആരാധിക്കുക എന്നുള്ളതാകുന്നു. ഇസ്ലാമിന്റെ അടിസ്ഥാനത്തിൽ അവന്റെ ജീവിതം പടുത്തുയർത്തുക എന്നതാണത്. അതായത് സമ്പൂർണ്ണമായും ദൈവത്തിന് കീഴടങ്ങി കഴിയുക എന്നതാണ് ഇസ്ലാം. എല്ലാ അർത്ഥത്തിലും നിഷ്ക്കളങ്കമായും സ്വാത്വികമായും അവനായി സേവനം ചെയ്യുക അല്ലാഹു(ത)പറയുന്നു. എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ജിന്നിനെയും ഇൻസിനെയും ഞാൻ സൃഷ്ടിച്ചില്ല. (51:57)

അവനായി സേവനം ചെയ്യുക എന്നതിലുപരി, അവൻ തീർച്ചയായും മാനവകുലത്തിനുവേണ്ടി സേവനം ചെയ്യേണ്ടതാണ്. കാരണം ഭൂമിയിലുള്ള ഓരോ മനുഷ്യനിലും ദൈവീകസത്തകുടി കൊണ്ടിരിക്കുന്നു.

അല്ലാഹു(ത) പറയുന്നു. നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ അവസരം സ്മരിക്കുക. മുട്ടിയാൽ ശബ്ദിക്കുന്ന രൂപപ്പെടുത്തിയ കറുത്തകളിമണ്ണിൽ നിന്ന് ഞാൻ മനുഷ്യനെ സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുകയാണ്. അങ്ങനെ ഞാനവനെ ഏറ്റവും നല്ല നിലയിൽ രൂപപ്പെടുത്തുകയും എന്റെ ചൈതന്യത്തിൽ നിന്നും ഒരംശം ഞാനവനിൽ ഊതുകയും ചെയ്തു കഴിഞ്ഞാൽ നിങ്ങൾ അവനെ (ആ മനുഷ്യനെ) പരിപൂർണ്ണമായി അനുസരിച്ചുകൊണ്ട് അവന് കീഴ്പ്പെടുവിൻ. (15:29-30).

ആയതിനാൽ, മനുഷ്യസമുദായത്തിന് സേവനം ചെയ്യുന്നതിലൂടെ നാം ദൈവത്തോട് കൂടുതൽ സാമീപ്യം നേടുന്നു. തീർച്ചയായും നാം മനുഷ്യർ, പൂർണ്ണമായും ദുർബലരാണ്. നമുക്ക് ദൈവീക പിന്താങ്ങൽ അനിവാര്യമാണ്. നാം സൃഷ്ടിക്കപ്പെട്ടത് ബലഹീനരായിട്ടാണ്. ഈ പ്രപഞ്ചത്തിന്റെ നിയന്ത്രണ കാര്യത്തിൽ നമുക്ക് യാതൊരു പങ്കുമില്ല. സൂര്യനു ചുറ്റും ഭൂമി കറങ്ങുന്നതിലും നമുക്ക് യാതൊരു പങ്കുമില്ല. പരതഃസ്ഥിതിയിലും നമുക്ക് യാതൊരു നിയന്ത്രണവുമില്ല, നമ്മുടെ ആരോഗ്യസ്ഥിതിയിലും നമുക്ക് നിയന്ത്രണമില്ല. നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുന്ന ദൗർഭാഗ്യങ്ങളിലും, സന്തോഷങ്ങളിലും നമുക്ക് പങ്കില്ല. അല്ലാഹു(ത)പറയുന്നു മനുഷ്യരെ നിങ്ങൾ അല്ലാഹുവിനെ ആശ്രയിക്കുന്നവരാണ് എന്നാൽ അല്ലാഹു, സ്വാശ്രയനും സ്തുത്യഹനുമാകുന്നു (35:16)

ഖുദ്സിയായ ഒരു ഹദീസിൽ അല്ലാഹു(ത) പറയുന്നു. അല്ലയോ എന്റെ ദാസന്മാരെ, നിങ്ങളെല്ലാവരും വഴികേടിലാണ്, ഞാൻ മാർഗദർശനം നല്കിയവരൊഴികെ, അതുകൊണ്ട് നിങ്ങൾ എന്നോട് മാർഗദർശനം തേടുക. ഞാൻ

നിങ്ങൾക്ക് മാർഗദർശനം നല്കാം (മുസ്ലിം, ഇബ്നു മാജ, തിർമിദി)

തീർച്ചയായും നാം ദൗർബല്യം ഉള്ളവരായിരിക്കെ, ഭൂമിയിൽ നമുക്ക് നില നില്ക്കുവാൻ അല്ലാഹുവിന്റെ പൂർണ്ണശക്തിയും പിന്താങ്ങാലും നമുക്കാവശ്യമുണ്ട്,. നേർപാതയിൽ നിലകൊള്ളുവാൻ, നമ്മുടെ അനന്തമായ ലോകത്ത് നിലനില്ക്കുവാൻ, അതെ! അതാണ് നമ്മുടെ ഉന്നതമായിട്ടുള്ള ലക്ഷ്യം. അക്കാര്യം നമുക്ക് വീണ്ടും അരക്കിട്ടുറപ്പിക്കുവാൻ (അവന്റെ ശക്തിയും പിന്താങ്ങലും നമുക്ക് അനിവാര്യമാണ്) അതു നേടുന്നതിന് ഈ ലോകത്ത് നാം ഏറ്റവും നല്ല നിലയിൽ പെരുമാറിയാൽ മാത്രമെ കഴിയുകയുള്ളു. ഭാവിജീവിതത്തെപ്പറ്റി, തീർച്ചയായും, നമ്മുടെ ഇന്ദ്രീയങ്ങൾക്കും ആത്മാവിനും കാണുവാനും ഗ്രഹിക്കുവാനും കഴിയാത്ത സാഹചര്യത്തിൽ, നമ്മുടെ വിശ്വാസം മാത്രമാണ് ആശ്രയത്തിനുള്ളത്. നമ്മുടെ ആത്മാവ് നമ്മോട് യാചിക്കുകയാണ്, നിങ്ങൾ വിശ്വസിക്കുക എന്ന്! ഞാൻ നിലനില്ക്കുന്നു എന്ന്! കാരണം പ്രസ്തുത വിശ്വാസം, പ്രസ്തുത ആത്മാവ്, രക്ഷിതാവുമായി ബന്ധപ്പെട്ടതാണ്, നമ്മുടെ ദൈവവുമായി ബന്ധപ്പെട്ടതാണ്. അവനാണ് നമ്മുടെ അനന്തതയിലേക്കുള്ള വഴി കാട്ടി. അവൻ തന്നെയാണ്, അവൻ മാത്രമാണ് നമ്മുടെ ശരീരത്തിന്റെയും, ധാർമ്മികതയുടെയും, ആത്മീയതയുടെയും, നിലനില്പിനായി ഈ ഭൂമിയിലേക്ക്, കാലാകാലങ്ങളിൽ, ദൈവത്തിലേക്ക് വിളിക്കപ്പെടുന്ന ആളുകളെ തെരഞ്ഞെടുത്തയ്ക്കുന്നത്. അത്യൂന്നതനായ പ്രസ്തുത ദൈവത്തിലുള്ള വിശ്വാസം ഉറപ്പിക്കുവാനും, അവനും ദൈവവുമായുള്ള കരാറുകൾ പൂർത്തികരിക്കുവാനും അവരോട് തറപ്പിച്ചു പറയുന്നു. ദൈവമാണ് അവർ ഓരോരുത്തരുടെയും പരമമായ ലക്ഷ്യം. അവൻ മാത്രമാണ്, സമ്പന്നനായവൻ, ശക്തിമാനായവൻ, അധികാരമുള്ളവനായവൻ, മനുഷ്യരോ ദുർബലരാണ്, സാധുക്കളാണ്, ദൈവത്തിന്റെ സഹായവും അനുഗ്രഹവുമില്ലാതെ, അവർ ഈ താത്ക്കാലിക ലോകത്തു അവർ ഒന്നും തന്നെയല്ല.

ഓർക്കുക, നിങ്ങളെല്ലാവരും, ഞാനും, നമ്മൾ ഒന്നും തന്നെ നിലനില്ക്കുമായിരുന്നില്ല. അവനാണ് അവൻ മാത്രമാണ് നമ്മെ സൃഷ്ടിച്ചത്. നമ്മുടെ ആത്മാക്കളെ സൃഷ്ടിച്ചത് അവനാണ്, പ്രസ്തുത ആത്മാക്കളെ അവൻ ഭൂമിയിൽ, നമ്മെ സൃഷ്ടിച്ച്, മനുഷ്യശരീരത്തിൽ പ്രവേശിപ്പിച്ചു. (മണ്ണുകൊണ്ടുള്ള ശരീരത്തിൽ) അങ്ങനെയാണ് നാം ഈ ലോകത്തെക്കുറിച്ചറിയുന്നത്, നമ്മുടെ നിലനില്പിനായി നാം പോരാടുന്നു, അതുകൊണ്ടു നാം അവനെ മാത്രം ആരാധിക്കുക. അവനുമാത്രം നന്ദി രേഖപ്പെടുത്തുക, അവൻ ചൊരിഞ്ഞ ഈ ഔദാര്യങ്ങൾക്കെല്ലാം!

സത്യത്തിൽ, ദൈവീക ബൗദ്ധികത, അപാരം തന്നെ ! അതിൽപെട്ട ഒന്നും തന്നെ നമുക്കറിയുവാൻ സാധിക്കുകയില്ല. അവന്റെ ബുദ്ധിയുടെ അപാരത

യെകുറിച്ചും, അതിനു പിന്നിലുള്ള ഉദ്ദേശങ്ങളെക്കുറിച്ചും! അല്ലാഹു(ത) നമുക്ക് എല്ലാം നല്കിയിരിക്കുന്നു. അവൻ നമുക്ക് ഒരു മനുഷ്യശരീരം നല്കിയിരിക്കുന്നു. അതുകൊണ്ട് നമുക്ക് ഭുമിയിൽ ജീവിക്കുവാൻ സാധിക്കുന്നു. അവൻ അതിൽ എല്ലാവിധ കഴിവുകളും നല്കിയിരിക്കുന്നു. അതായത് ചിന്താശക്തി, ശാരീരിക ക്ഷമത, തുടങ്ങിയവ. അതുകൊണ്ട് നമുക്ക് പൂർണ്ണതോതിൽ ജീവിക്കുവാൻ സാധിക്കുന്നു.

ബുദ്ധിജീവികൾ എന്ന നിലയിൽ! അവനെ കണ്ടെത്തുവാൻ എങ്ങനെ നമുക്ക് സാധിക്കും? നമ്മിൽ തന്നെ അവനെ എങ്ങനെ കണ്ടെത്താം? നമുക്ക് ചുറ്റും അവനെ എങ്ങനെ കണ്ടെത്താം? നാം ദുർബലരായിരിക്കെ, അവൻ നമുക്ക് ശക്തി പകരുന്നു. ഈ അന്വേഷണത്തിൽ വിജയിക്കുവാൻ ഉള്ള വഴികൾ അവൻ തുറന്നിട്ടിരിക്കുന്നു. അല്ലാഹു(ത) വിശദീകരിക്കുന്നു. നമ്മുടെ ആവശ്യങ്ങൾക്കൊപ്പം, അവന്റെ ബൗദ്ധികതയും!

പറയുക! നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? അല്ലാഹു നിങ്ങളുടെ കേഴ്‌വിയേയും കാഴ്ചയേയും എടുത്തുകളയുകയും നിങ്ങളുടെ ഹൃദയങ്ങൾക്ക് മുദ്രവെയ്ക്കുകയും ചെയ്തെങ്കിൽ അല്ലാഹുവല്ലാതെ ഏതു ദൈവമാണ് നിങ്ങൾക്ക് അത് (നഷ്ടപ്പെട്ട വസ്തുക്കൾ തിരിച്ചു) കൊണ്ടു വരുക? നോക്കുക, നാം എങ്ങനെയാണ് അവർക്ക് ദൃഷ്ടാന്തങ്ങൾ വിവരിച്ചു കൊടുക്കുന്നത്! എന്നിട്ടും അവർ തിരിഞ്ഞു കളയുന്നു (6:47)

പറയുക നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? പുനരുത്ഥാന നാൾവരേയും അല്ലാഹു നിങ്ങളുടെ മേൽ രാവിനെ സ്ഥിരമായി നിശ്ചയിച്ചിരുന്നുവെങ്കിൽ, അല്ലാഹു അല്ലാതെ മറ്റേതൊരു ദൈവമാണ് നിങ്ങൾക്ക് വെളിച്ചം കൊണ്ടു വന്നു തരുക? അപ്പോൾ നിങ്ങൾ കേൾക്കുന്നില്ലേ? (28:72)

അല്ലാഹുവിന്റെ അനുമതി ഇല്ലാതെ നമുക്ക് ഒന്നും തന്നെ തരുവാൻ ആർക്കും സാധ്യമല്ല. അവൻ ഉദ്ദേശിക്കുന്നവരെ അവൻ മഹത്വപ്പെടുത്തുന്നു. അവൻ ആഗ്രഹിക്കുന്നവരെ അവൻ വിനയമുള്ളവരാക്കുന്നു. നമ്മുടെ കാഴ്ചശക്തിയും, കേഴ്‌വിശക്തിയും അവൻ തിരിച്ചെടുത്താൽ, ശാരീരികമായും ആത്മീയമായും, ആർക്കും അത് തിരിച്ചു തരുവാൻ സാധ്യമല്ല. സുഖപ്പെടുത്തുവാനും കഴിയില്ല, അല്ലാഹുവിനെല്ലാതെ ! ദൈവം അനന്ത സൗഭാഗ്യമാണ്. അവൻ, അവനെ മാത്രം ആരാധിക്കുവാൻ നമ്മോട് കല്പിക്കുന്നു. അതു ചെയ്യുന്നതിലൂടെ നാം അവനോട് കൂടുതൽ അടുക്കുന്നു. പല നിലയിലുള്ള വൈകല്യങ്ങളിൽ നിന്നും അവൻ നമ്മെ സംരക്ഷിക്കുന്നു. അവൻ കരുണാവാരിധിയാണ്. നന്മയുടയവനാണ്. ശക്തിപ്പെടുവാനും അനുഗ്രഹിക്കപ്പെടുവാനും ആഗ്രഹിക്കുന്നവർ, അവർ, അവന്റെ മുന്നിൽ വിനയാന്വിതരാകട്ടെ! ഈ വിനയമാണ് അവനെ

ആകാശത്തിലേക്ക് ഉയർത്തുന്നത്. അതായത്, അല്ലാഹു അവനെ എങ്ങനെ യാണ് പദവിയിൽ ഉയർത്തുന്നത് എന്ന് അവൻ കാണും. ദൈവീക സ്നേഹം അവൻ വിളയിച്ചെടുക്കുക തന്നെ ചെയ്യും. യഥാർത്ഥമായ വിജയം, ഭൗതിക മായി ഈ ലോകത്തും, ആത്മീയമായി പരലോകത്തും നേടുന്നത് സൃഷ്ടാ വിന്റെ മുന്നിൽ കീഴടങ്ങുന്നതിലൂടെ മാത്രമാണ്.

നിങ്ങൾ അവന്റെ മുമ്പിൽ മാത്രം വളയുക, വിനയം കാണിക്കുക. അപ്പോൾ അവൻ അവന്റെ കാരുണ്യത്തിന്റെ കവാടം അവനായി തുറക്കുന്നതാണ്. ഭൂമി യിലെയും, (ഇഹലോകത്തിലെയും) ആകാശത്തിലെയും, (പരലോകത്തിലെയും) ആയിരക്കണക്കിന് മഹാത്ഭുതങ്ങൾ അവനായി കാണിക്കപ്പെടുന്നതാണ്. ഈ ലോകത്തിലെ സാത്തന്മാർക്കെതിരിൽ നിങ്ങൾ പോരാടുക. നിങ്ങൾ നേർപാത യിൽ തന്നെ ചരിക്കുക, ഓരോ സമയത്തും അവൻ അവന്റെ ദൂതന്മാരെ നിങ്ങൾക്കായി അയയ്ക്കുന്നതാണ്. നിങ്ങൾ അവരെ പിന്തടരുക, അനുസരി ക്കുക. അങ്ങനെയായാൽ നിങ്ങൾ ഇഹലോകത്തും നാളെ പരലോകത്തും അനു ഗ്രഹിക്കപ്പെട്ടവരായി തീരുന്നതാണ്. നിങ്ങളുടെ മാനുഷിക വൈകല്യങ്ങൾക്കു പകരം ആത്മീയ ചൈതന്യം നലകി നിങ്ങളെ ശക്തിപ്പെടുത്തും. കാരണം, അല്ലാഹു നിങ്ങളോടൊപ്പമില്ലെങ്കിൽ, ഒന്നും തന്നെ നിങ്ങളോടൊപ്പമില്ല. നിരാ ശയുടെ അടികാണാത്ത ഗർത്തത്തിലേക്ക് നിങ്ങൾ പതിക്കുന്നതാണ്.

അല്ലാഹു(ത) നിങ്ങളോട് കരുണകാണിക്കട്ടെ. അവന്റെ തൃപ്തിയുടെ വഴി നിങ്ങൾക്കായി തുറക്കട്ടെ. ആമീൻ. ദൗർബല്യങ്ങൾ മറികടക്കുക. പകരം ആത്മീയ ശക്തി സ്വായത്തമാക്കുക. അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുന്നതിലൂടെ നിങ്ങളുടെ ആത്മാവിന് പോഷണം നല്കുക. ഭൂമി യിലെ നിങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റുക. വൃത്തിയായും ബുദ്ധിപരമായും, അല്ലാഹുവിനോടുള്ള അതിതീവ്രമായ ഭയത്തോടെയും! അല്ലാഹുവിൽ ഭരമേ ല്പിക്കുക. നിങ്ങളുടെ ജീവിതത്തിലുടനീളം ഭൂമിയിൽ അല്ലാഹു നിങ്ങളോടൊ പ്പമുണ്ടെന്ന് ഉറപ്പിക്കുക.

ഇൻശാ അല്ലാഹ് ആമീൻ

**Translated & Issued By :**
**R. Jamaludin Raother**
**Amir - Jamaat Ul Sahih Al Islam**
**South Zone - Kerala, India**
**Ph : 9447001832, 0475-2252663**
**E-mail : jamal.raother@gmail.com**
**Web : www.jamaat-ul-sahih-al-islam.com**
**Blog : www.sahih-al-islam.blogspot.in**